# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3603 30/01/2014-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ മത്സ്യഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | മത്സ്യഗ്രാമം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശം ഏതായിരുന്നു; | (എ) | മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ വലിയതുറ, ചെറിയതുറ വലിയതോപ്പ്, കൊച്ചുതോപ്പ് എന്നീ മത്സ്യഗ്രാമങ്ങളെയാണ് തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. |
| (ബി) | പദ്ധതിക്കായി ഇവിടെ തറക്കല്ലിട്ടത് എന്നാണ്; എത്ര വീടുകൾ നിർമ്മിക്കുന്നതിനായിരുന്നു തീരുമാനം; ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; നിർമ്മാണം എന്ന് പൂർത്തിയാക്കാനായിരുന്നു തീരുമാനം; വ്യക്തമാക്കാമോ; | (ബി) | പദ്ധതി ഉത്ഘാടനം 2012 ജൂൺ 6-ന് നിർവ്വഹിക്കുകയുണ്ടായി. 284 വീടുകൾ നിർമ്മിക്കാനായിരുന്നു തീരുമാനം. അതിൽ 126 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ആദ്യ വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കാനായിരുന്നു തീരുമാനം. |
| (സി) | സ്വന്തമായി രണ്ടരസെന്റ് സ്ഥലമുള്ളവർക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതിയിലെ ഗുണഭോക്താക്കളായി എത്ര കുടുംബങ്ങളെയാണ് ഇവിടെ നിന്ന് തെരഞ്ഞെടുത്തത്; | (സി) | ഗുണഭോക്താക്കളായി 208 (67 പേർക്ക് ഫ്ളാറ്റ്) കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തത്. |

| | | | |
|---|---|---|---|
| (ഡി) | ഇവർക്ക് എത്ര തുകയാണ് നൽകുന്നത്; ഈ തുക ഇനിയും ലഭ്യമാകാത്തവരെത്ര; ഇവർക്ക് തുക എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ കുടുംബങ്ങൾക്കും 2.50 ലക്ഷം രൂപയാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഫ്ളാറ്റിന് അർഹരായ 67 പേർക്കും എഗ്രിമെന്റ് വയ്ക്കാൻ മുന്നോട്ട് വരാത്ത 15 പേർക്കും തുക ലഭ്യമാക്കിയിട്ടില്ല. ഫ്ളാറ്റിന് അർഹരായവർക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ